LIBRARY ARCHIVES Kerala Legislative Assembly

ചേർത്തല ഇ.എസ്.ഐ. ആശുപത്രിയിൽ രോഗികൾക്കുള്ള ബുദ്ധിമുട്ട്

266 (974) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പതിനായിരത്തിൽ താഴെ രോഗികൾമാത്രം രജിസ്റ്റർ ചെയ്തിട്ടുള്ള ആലപ്പുഴ ഇ.എസ്.ഐ. ലോക്കൽ ഓഫീസിന്റെ കീഴിൽ രോഗികളെ പരിശോധിക്കുന്നതിനും അവരുടെ സേവനത്തിനും മൂന്നിൽ കൂടുതൽ ഡോക്ടർമാരും ജീവനക്കാരും ഉള്ളപ്പോൾ പതിനായിരത്തിലധികം രോഗികൾ രജിസ്റ്റർ ചെയ്ത ഇ.എസ്.ഐ.-യുടെ സേവനം നേടാനുള്ള ചേർത്തലയിൽ ഡോക്ടർമാരെയും ജീവനക്കാരെയും കുറച്ച് അനുവദിച്ചിരിക്കുന്നത് എന്തുകൊണ്ടാണെന്ന പറയാമോ ; ഈ പോരായ്മ പരിഹരിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ ;

(ബി) ചേർത്തല ഇ.എസ്.ഐ. ആശുപത്രിയിൽ രോഗികൾക്ക് നിൽക്കാൻ പോലും ഇടമില്ലാത്ത വിധം ബുദ്ധിമുട്ട് അനുഭവിക്കുന്ന വിഷയം ശ്രദ്ധയിൽപ്പെടുത്തിയിട്ടും യാതൊരു നടപടിയും സ്വീകരിക്കാത്തത് എന്തുകൊണ്ടാണെന്ന പറയാമോ ; ഈ പ്രശ്നം അടിയന്തരമായി പരിഹരിക്കുമോ ?

ഉത്തരം

(എ) രണ്ട് ഡോക്ടർ ടൈപ്പ് ഡിസ്പെൻസറിയായിരുന്ന ചേർത്തല ഇ.എസ്.ഐ ഡിസ്പെൻസറിയിൽ രോഗികളുടെ തിരക്ക് നേരിടുന്ന സാഹചര്യം പരിഗണിച്ച് 2013-ൽ നാല് ഡോക്ടർ ടൈപ്പ് ഡിസ്പെൻസറിയായി ഉയർത്തിയിട്ടുണ്ട്.

(ബി) ചേർത്തല ഇ.എസ്.ഐ ഡിസ്പെൻസറിയിലെ സ്ഥലപരിമിതിമൂലം ഡിസ്പെൻസറിക്കായി കൂടുതൽ സൗകര്യങ്ങളുള്ള ഒരു കെട്ടിടം കണ്ടുപിടിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്.

ചേർത്തല ഇ.എസ്.ഐ. ആശുപത്രി

267 (975) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇ.എസ്.ഐ. ആനുകൂല്യം ലഭിക്കേണ്ട രോഗികൾക്ക് ചേർത്തല ഇ.എസ്.ഐ. ആശുപത്രിയിൽ നിന്നും ആവശ്യമായ മരുന്നുകൾ ലഭിക്കുന്നില്ലെന്നും ഡോക്ടറുടെ നിർദ്ദേശപ്രകാരം പുറത്തുനിന്നും വിലകൊടുത്ത് മരുന്നുവാങ്ങി ബിൽ സമർപ്പിച്ചാലും ബിൽ തുകയുടെ പകുതിപോലും തൊഴിലാളിക്ക് സർക്കാർ നൽകുന്നില്ല എന്നകാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; ഈ പരാതി പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ; രോഗികൾക്കാവശ്യമായ എല്ലാ മരുന്നുകളും ആശുപത്രിയിൽ നിന്നും നൽകാൻ നടപടി സ്വീകരിക്കുമോ ; വിശദവിവരം ലഭ്യമാക്കുമോ ;